ആദിവാസി സാക്ഷരതാ ഫണ്ട് വെട്ടിപ്പ് സംബന്ധിച്ച പരാതി

54 [3641] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ജലനിധി പദ്ധതി പ്രകാരമുള്ള ആദിവാസി സാക്ഷരതാ ഫണ്ട് വെട്ടിപ്പ് സംബന്ധിച്ച പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കുമോ;

(ബി) ഇത്തരം ആരോപണ വിധേയരായ സംഘടനകളെ പ്രസ്തുത പദ്ധതി നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇത്തരം വെട്ടിപ്പ് കണ്ടുപിടിച്ച ഏതെങ്കിലും ഉദ്യോഗസ്ഥനെ പാലക്കാട് ജില്ലയിൽനിന്നും സ്ഥലം മാറ്റിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി പദ്ധതിയിൽ നിലവിലുള്ള സംഘടനകളെ പുതിയ ബാച്ചുകളിലേക്ക് പരിഗണിക്കുന്നത് അവരുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കിയാണ്. പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് പൊതുവായ റിപ്പോർട്ട് ജില്ലാ പ്രോജക്ട് മാനേജർമാരിൽനിന്ന് വാങ്ങുകയും കെ.ആർ.ഡബ്ല്യു.എസ്.എ.-യിലെ മുതിർന്ന ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കമ്മിറ്റി വിവിധ ഘടകങ്ങളെ വിശകലനം ചെയ്ത് ആവശ്യമുള്ളത്ര സംഘടനകളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി അന്തിമ തെരഞ്ഞെടുപ്പിനായി പഞ്ചായത്തുകൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം നാലാം ബാച്ചിലേക്ക് പരിഗണിക്കപ്പെടാനുള്ള സംഘടനകളുടെ ലിസ്റ്റ് പഞ്ചായത്തുകൾക്കയച്ചപ്പോൾ പ്രതികൂലമായ പത്രവാർത്തകൾ വന്നിട്ടും 2-ാം ഘട്ടപദ്ധതി പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മൈത്രി എന്ന സംഘടനയെ ലഭിക്കുന്നതിന് പാലക്കാട് ജില്ലയിലെ നാല് പഞ്ചായത്തുകൾ ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ ആരോപണ വിധേയമായിട്ടും പ്രസ്തുത സംഘടനയെ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly